# ദൈവത്തിന്റെ നിലവാരം കാത്തുകൊള്ളുന്നതിനാണ് നമ്മുടെ വിളി

സാക് പുന്നൻ

WFTW 02 ആഗസ്റ്റ് 2015

''എതിർക്രിസ്തുവിന്റെ സൈന്യങ്ങൾ വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കി നിരന്തര ഹോമം നിർത്തലാക്കും... ദൈവത്തിന്റെ നിയമത്തിനു വിരോധമായി ദുഷ്ടത പ്രവർത്തിക്കുന്നവരെ അവൻ മുഖസ്തുതി പറഞ്ഞ്, അവന്റെ വശത്താക്കും. എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്ന ജനം ഉറച്ചു നിന്ന് വീര്യം പ്രവർത്തിക്കും. ജനത്തിൽ ആത്മീയ ജ്ഞാനം ഉള്ളവർക്ക് ആ നാളിൽ ഉപദേഷ്ടാവിന്റെ വ്യാപകമായ ഒരു ശുശ്രൂഷ ഉണ്ടായിരിക്കും. എങ്കിലും അവർ തുടർമാനം അപകടത്തിലായിരിക്കും. അവരിൽ അനേകർ തീകൊണ്ടും വാൾകൊണ്ടും മരിക്കുകയോ ജയിലിലടയ്ക്കപ്പെടുകയോ, കൊള്ളയടിക്കപ്പെടുകയോ ചെയ്യും. ഒടുവിലായി ഈ സമ്മർദ്ദങ്ങൾ അടങ്ങും. അപ്പോൾ അഭക്തരായ ചില ആളുകൾ, അവരെ മുതലെടുക്കാൻ വേണ്ടി മാത്രം, അവർക്ക് സഹായഹസ്തം വാഗ്ദാനം ചെയ്യാനെന്നു നടിച്ചുകൊണ്ടു വരും'' (ദാനിയേൽ 11:3135 ലിവിംഗ്). ഇത് അന്ത്യനാളുകളെ സൂചിപ്പിക്കുന്ന ഒരു വേദഭാഗമാണ്. അതുകൊണ്ടു തന്നെ സഭയ്ക്കുള്ള അനേകം മുന്നറിയിപ്പുകൾ അതിലുണ്ട് എതിർക്രിസ്തുവിന്റെ ആത്മാവ് സഭയ്ക്കുള്ളിൽ പോലും കാണപ്പെടും (1യോഹ. 2:19).

''എതിർക്രിസ്തുവിന്റെ ആത്മാവ് വിശുദ്ധ മന്ദിരത്തെ അശുദ്ധമാക്കുവാൻ നോക്കുന്നു (ദാനി. 11:31). വിശുദ്ധിയുടെയും നീതിയുടെയും സന്ദേശത്തിന് സാത്താനിൽ നിന്ന് ഭയങ്കരമായ എതിർപ്പുണ്ട്. എതിർക്രിസ്തുവിന്റെ ആത്മാവ് ''ഉടമ്പടിയെ ലംഘിക്കുവാൻ'' പ്രോത്സാഹിപ്പിക്കുകയും, ചെയ്യുന്നു (ദാനി. 11:32). പുതിയ ഉടമ്പടി വാഗ്ദത്തം ചെയ്യുന്നത് പാപത്തിന്മേൽ വിജയമുള്ള ജീവിതമാണ്. എന്നാൽ എതിർക്രിസ്തു വിശ്വാസികളോടു പറയുന്നത് അങ്ങനെയൊരു ജീവിതം ജീവിക്കുക അസാധ്യമാണ് എന്നാണ്. കഴിഞ്ഞ രണ്ടു ദശകങ്ങളായി ഒരു സഭയെന്ന നിലയിൽ ഞങ്ങളുടെ തന്നെ ശുശ്രൂഷ എതിർക്കപ്പെട്ടുകൊണ്ടിരിക്കുന്നതിന്റെ പ്രധാന കാരണം, ഞങ്ങൾ വിശുദ്ധിയും നീതിയും പ്രസംഗിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. 'പാപം നമ്മുടെ മേൽ കർതൃത്വം നടത്തേണ്ടതില്ല'' (റോമ. 6:14). ''പണത്തെ സ്നേഹിക്കുന്നവർക്കു ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല'' (ലൂക്കൊ. 6:13). ''മറ്റുള്ളവരോട് കോപിക്കുകയും അവരെ നിന്ദിക്കുകയും ചെയ്യുന്നവർ നരകത്തിൽ പോകാൻ മതിയായ വിധത്തിൽ കുറ്റക്കാരാണ്'' (മത്താ. 5:22). തങ്ങളുടെ കണ്ണുകൾ കൊണ്ടു സ്ത്രീയെ മോഹത്തോടെ നോക്കുന്നവരും നരകത്തിൽ നശിക്കത്തക്കവിധം അപകടത്തിലാണ് (മത്താ. 5:28,29) തുടങ്ങിയ സത്യങ്ങൾ ഞങ്ങൾ പ്രഘോഷിച്ചുകൊണ്ടിരിക്കുന്നു. യേശുവിന്റെ ഈ വാക്കുകൾ ഭൂരിപക്ഷം വിശ്വാസികൾക്കും ആസ്വാദ്യകരമല്ലാത്തതിനാൽ അവർ ഞങ്ങളെ എതിർക്കുന്നു.

ക്രിസ്തീയ വേലക്കാർക്കായുള്ള, വചനവിരുദ്ധമായ, ശമ്പള വ്യവസ്ഥിതിക്കും (ഒന്നാം നൂറ്റാണ്ടിൽ കേട്ടിട്ടില്ലാത്ത ചില കാര്യങ്ങൾ) ഇന്ത്യയിലെ ക്രിസ്തീയ വേലയുടെ പ്രത്യേകതയായ, വചന വിരുദ്ധമായ, ഭിക്ഷാടനത്തിനും എതിരായി ഞങ്ങൾ നിലപാടെടുത്തിട്ടുണ്ട്. ഇതു തങ്ങളുടെ പ്രസംഗങ്ങളിലൂടെ ജീവനസന്ധാരണ മാർഗ്ഗം കണ്ടെത്തുകയും, അതിനാൽ തങ്ങളുടെ സ്വകാര്യ സാമ്രാജ്യം കെട്ടിപ്പടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരുടെ കോപം ഞങ്ങളുടെ നേർക്കു തിരിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

സഭയിൽ ഉള്ള വ്യക്തിപൂജ, പോപ്പിന്റെ അധികാര വ്യവസ്ഥിതി, സഭാ വിഭാഗീയത, ഇന്ത്യയിലെ സഭകളുടെ മേലുള്ള പാശ്ചാത്യ ആധിപത്യം, ഇവിടെയുള്ള സഭയുടെ വികസനത്തെ തടസ്സപ്പെടുത്തിയിട്ടുള്ള, പാശ്ചാത്യ നേതൃത്വത്തിന്മേലുള്ള അനാരോഗ്യകരമായ ആശ്രയം ഇവയ്ക്കെല്ലാം എതിരായി ഞങ്ങൾ നിലപാടെടുത്തിട്ടുണ്ട്. ഇത് അന്ധാരാധനാ സമൂഹങ്ങളെ രോഷാകുലരാക്കിയിട്ടുണ്ട്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ ദൈവത്തിന്റെ ആലയത്തെ അശുദ്ധമാക്കുക എന്നതാണ് സാത്താന്റെ ലക്ഷ്യം. അകമെ നിന്നു ദൈവത്തിന്റെ പ്രവൃത്തിയെ നശിപ്പിക്കുന്നതിനായി അവൻ തന്റെ 'സൈന്യത്തെ' (ദാനി. 11:31) സഭയ്ക്കകത്ത് അണി നിരത്തുന്നു. ഈ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ ഗ്രൂപ്പുകൾ തോറും, പ്രസ്ഥാനങ്ങൾ

തോറും അശുദ്ധമാക്കുന്നതിൽ ഈ ശക്തികൾ എത്രമാത്രം, വിജയിച്ചിട്ടുണ്ട് എന്നത് ക്രിസ്തീയ ഗോളത്തിന്റെ ചരിത്രം വെളിപ്പെടുത്തുന്നു.

സഭയുടെ പരാജയത്തിന്റെ പ്രധാന കാരണം സഭയിൽ കാവൽക്കാരായി ദൈവം നിയമിച്ചിട്ടുള്ളവർ ജാഗ്രതയുള്ളവരും ഉണർന്നിരിക്കുന്നവരും ആയിരിക്കുന്നില്ല എന്നതാണ്. എങ്ങനെയാണ് ഈ കാവൽക്കാരെ ഉറക്കുന്നതിൽ സാത്താൻ വിജയിക്കുന്നത്? ചിലരുടെ കാര്യത്തിൽ, ആർക്കെങ്കിലും ഇടർച്ച ആയെങ്കിലൊ എന്നു ചിന്തിച്ചു സത്യം സംസാരിക്കാൻ അവരെ ഭയപ്പെടുത്തുന്നു പ്രത്യേകിച്ച് പണക്കാരും സമൂഹത്തിൽ സ്വാധീനമുള്ളവരുമായവർക്ക്, മറ്റു ചിലരുടെ കാര്യത്തിൽ, അവരെ ഭാര്യമാരെ പ്രീതിപ്പെടുത്തുന്നവരും, പണസ്നേഹികളും, ഭക്ഷണപ്രിയരും ആക്കിത്തീർക്കുന്നു. വേറെ ചിലരുടെ കാര്യത്തിൽ, സഭയിൽ ദൈവത്തിന്റെ നിലവാരം നിലനിർത്താൻ വേണ്ടി നൽകുന്ന തങ്ങളുടെ സന്ദേശങ്ങൾക്കു നേരിടുന്ന നിരന്തരമായ എതിർപ്പു മൂലം കാവൽക്കാർ തന്നെ ക്ഷീണിച്ചു മടത്തുപോകുന്നു. അതുകൊണ്ട് അവർ മനുഷ്യരെ പ്രസാദിപ്പിക്കത്തവിധം അവർ തങ്ങളുടെ സന്ദേശങ്ങളുടെ നിലവാരം താഴ്ത്തുന്നു (എബ്രാ. 12:3).

''നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുത്തുപോകാതിരിക്കാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ച'' യേശുവിനെ ധ്യാനിച്ചുകൊൾവാൻ നമ്മോടു പറയുന്നു. യേശുവിനെ എതിർത്ത ഈ പാപികൾ ആരായിരുന്നു? യിസ്രയേലിലുണ്ടായിരുന്ന വേശ്യകളോ, കൊലപാതകരോ, കള്ളന്മാരോ ആയിരുന്നില്ല. ഗ്രീക്കുകാരും റോമക്കാരും ആയിരുന്നില്ല. അല്ല. യേശുവിനെ നിരന്തരമായി എതിർത്ത പാപികൾ, വേദപുസ്തകം കൊണ്ട് പ്രഹരിക്കുന്ന പ്രസംഗകരും യിസ്രായേലിലെ മതനേതാക്കന്മാരും ആയിരുന്നു. അവർ യേശുവിനെക്കുറിച്ച് അസൂയാലുക്കളായിട്ട് ഒടുവിൽ അവർ അവിടുത്തെ കൊന്നു. നാം യേശുവിനെ അനുഗമിച്ചാൽ, അതേ കൂട്ടത്തിലുള്ളവരിൽ നിന്ന്, ഇന്നാണെങ്കിൽ പോലും, നമുക്കും എതിർപ്പുകൾ നേരിടും. നമുക്കുള്ള ഏറ്റവും വലിയ എതിർപ്പു വരുന്നത്, ദൈവത്തിന്റെ നിലവാരം താഴ്ത്തി സഭയെ മലിനപ്പെടുത്തിയിട്ടുള്ള പ്രസംഗകരിൽ നിന്നാണ്. നമ്മെ ഏതിർക്കാനുള്ള സാത്താന്റെ മുഖ്യ ഏജന്റുമാരാണിവർ. നിരന്തരമായുള്ള ഈ എതിർപ്പുകൾ നേരിട്ടു ക്ഷീണിച്ചു മടുത്തു പോകാൻ വളരെ എളുപ്പമാണ്. ''പീഢനത്തിലൂടെ ദൈവത്തിന്റെ വിശുദ്ധന്മാരെ ഒടുക്കി കളയുവാൻ'' (ദാനി. 7:25) സാത്താൻ ശ്രമിക്കുന്നു. ജയിക്കാനുള്ള ഏകമാർഗ്ഗം അവിടുത്തെ ശത്രുക്കളാൽ അവിടുന്നു കൊല്ലപ്പെടുന്നതുവരെ നിരന്തരമായ എതിർപ്പുകളെ നേരിട്ട യേശുവിന്റെ മാതൃകയെ നോക്കുക എന്നതു മാത്രമാണ്. നാമും ''മരണപര്യന്തം വിശ്വസ്തരായിരിക്കണം.'' തന്റെ ജീവിതാവസാനംവരെ എതിർപ്പുകളെ നേരിടാൻ മനസ്സില്ലാത്ത ഒരു പ്രസംഗകൻ, കാതുകളെ ഇക്കിളിപ്പെടുത്തുന്ന ഒരു പ്രസംഗകനായി അവസാനിക്കും: അയാൾ ''മുഖസ്തുതി കൊണ്ട് ആളുകളെ തന്റെ വശത്താക്കു''കയും (ദാനി. 11:32) ഒരു ഒത്തുതീർപ്പുകാരനായ ബിലെയാമായി തന്റെ ജീവിതം അവസാനിക്കുകയും ചെയ്യും. ഒരു സഭയെന്ന നിലയിൽ നമ്മുടെ വിളി, ഏതു വില കൊടുത്തും നമ്മുടെ ഇടയിൽ ദൈവത്തിന്റെ നിലവാരം കാത്തുകൊള്ളുന്നതിനാണ്. എല്ലാ സമയത്തും എതിർക്രിസ്തുവിന്റെ സൈന്യത്തിനെതിരെ ജാഗ്രതയുള്ളവരായിരിക്കേണ്ടതുണ്ട്. താൻ അവിടെയുണ്ടായിരുന്ന മൂന്നു വർഷക്കാലവും, ദൈവത്തിന്റെ കൃപയാൽ, പൗലൊസ് എഫസൊസിലെ സഭയെ നിർമ്മലതയിൽ കാത്തു സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം അവിടം വിട്ടു പോകുമ്പോൾ, താൻ പോയതിനു ശേഷം അതിനകത്ത് അശുദ്ധി കടന്നു വരുമെന്നു തനിക്കു നിശ്ചയമുണ്ടെന്ന് അദ്ദേഹം മൂപ്പന്മാരോടു പറഞ്ഞു (അപ്പൊ. പ്ര. 20:2931). നാം എഫസ്യർക്കെഴുതിയ രണ്ടാം ലേഖന(വെളി. 2:15)ത്തിൽ വായിക്കുന്നതുപോലെ അത് അങ്ങനെ തന്നെ സംഭവിച്ചു.